മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 12

# വാർത്താക്കുറിപ്പ്

---

## കമ്പ്യൂട്ടർ ലാബ്-ഇൻ ചാർജ്- കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിലെ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ കമ്പ്യൂട്ടർ ലാബ്-ഇൻ ചാർജ് തസ്തികയിലേക്ക് താത്കാലിക / കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പൊതു വിഭാഗത്തിലുള്ള ഒരൊഴിവിലേക്ക് കമ്പ്യൂട്ടർ എഞ്ചിനീയറിംഗിലോ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസിലോ മൂന്ന് വർഷ പോളിടെക്നിക് ഡിപ്ലോമ യോഗ്യതയും കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ്, നെറ്റ്‌വർക്കിംഗ്, ഇൻസ്റ്റലേഷൻ, വിവിധ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെയും സോഫ്റ്റ്‌വെയറിന്റെയും മെയിന്റനൻസ്, വീഡിയോ-ഓഡിയോ എഡിറ്റിംഗ് എന്നിവയിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമുള്ളവരെയാണ് പരിഗണിക്കുക. അപേക്ഷകരുടെ പ്രായം 2022 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 15,000 രൂപയാണ്. താത്പര്യമുള്ളവർ മെയ് 26 നകം dasp@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/583/2022)

## അപേക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.എ. / ബി.കോം. (സി.ബി.സി.എസ്. - 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 16 വരെയും 525 രൂപ പിഴയയോടു കൂടി മെയ് 17 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 18 നും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/584/2022)

മൂന്നാം സെമസ്റ്റർ എം.ബി.എ. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 16 വരെയും 525 രൂപ പിഴയോടു കൂടി മെയ് 17 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 18 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ്

(പി.ആർ.ഒ./39/585/2022)

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി - പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക്) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 16 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 17 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 18 നും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/586/2022)

## പരീക്ഷാ ഫീസ്

ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ - റെഗുലർ / 2013 മുതൽ 2017 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ മെയ് 30 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 18 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 19 നും 1050 സൂപ്പർഫൈനോട്ടു കൂടി മെയ് 20 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/587/2022)

നാലാം സെമസ്റ്റർ എം.ബി.എ. (2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് / 2015 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾ മെയ് 31 ന് ആരംഭിക്കും. കോവിഡ് - 19 നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടും 2018 അഡ്മിഷൻ - അദാലത്ത് മെഴ്സി ചാൻസ് പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്കും പരീക്ഷ എഴുതാം. പിഴയില്ലാതെ മെയ് 19 വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് 20 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 21 നും അപേക്ഷിക്കാം. ടൈം ടേബിൾ, മെഴ്സി ചാൻസ് ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/588/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ബയോസയൻസ് 2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ് സി. (മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് - 2020-2022 ബാച്ച് - സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/589/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ